## വിലയിരുത്തൽ ഫോർമാറ്റ്

**അധ്യായം ഒന്ന് -ആമുഖം**

1. വിദ്യാഭ്യാസ അവകാശ നിയമം, ദേശീയ വിദ്യാഭ്യാസ നയം എന്നിവയിലെ പരാമർശങ്ങളുടെ പിൻബലത്തോടെ ആമുഖം തയ്യാറാക്കിയിട്ടുണ്ട്.
2. പൊതുവായ ലക്ഷ്യങ്ങൾ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

**അധ്യായം രണ്ട് - വിദ്യാലയ ചരിത്രം**

3. വിദ്യാലയം രൂപം കൊണ്ട സാഹചര്യം, കാലം, തുടക്കത്തിൽ നേതൃത്വം നൽകിയവർ ,രൂപീകരണം നടന്ന കാലം എന്നിവ സൂചിപ്പിച്ചിട്ടുണ്ട്
4. തുടക്കത്തിൽ വിദ്യാലയം കൈവരിച്ച അക്കാദമിക നേട്ടങ്ങൾ, വിദ്യാലയം സമൂഹത്തിനു സംഭാവന ചെയ്ത ശ്രദ്ധേയരായ വ്യക്തികളെ ക്കുറിച്ച് സൂചനകളുണ്ട്. (കേരളത്തിന്റെ പൊതുരംഗത്ത്, രാജ്യത്തിന്റെ പൊതുരംഗത്ത്, വിദേശത്ത് ശ്രദ്ധനേടിയവർ)

**അധ്യായം മൂന്ന്- വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്**

5. വിദ്യാലയത്തിന്റെ ഓരോ ഘടകവും എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാടും അതിന്റെ ഫലമായി ഉണ്ടാവാൻ സാധ്യതയുള്ള മികവുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.
6. ടാലന്റ് ലാബ് എന്ന ആശയം പ്രതിഫലിക്കുന്ന കാഴ്ചപ്പാടുകൾ പ്രകടമാണ്.
7. അന്താരാഷ്ട്ര ഗുണനിലവാരം എന്ന ആശയം കാഴ്ചപ്പാടിൽ പ്രതിഫലിക്കുന്നുണ്ട്.
8. പാരിസ്ഥിതികാവബോധം,ശുചിത്വഭാരതം, എന്നീ ആശയങ്ങളിലൂന്നിയ സൂചനകൾ ഉൾപ്പെടുത്തി യിട്ടുണ്ട്.
9. ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോജനപ്പെടുത്തലും ഭാവി ക്ലാസ്സ് റൂം രൂപമാറ്റവും സൂചിപ്പിച്ചി ട്ടുണ്ട്

**അധ്യായം നാല്- പദ്ധതി രൂപീകരണ പ്രക്രിയ**

10. പദ്ധതി രൂപീകരണ പ്രക്രിയയുടെ ഘട്ടങ്ങൾ, പങ്കെടുത്തവർ, പൊതു സമൂഹത്തിന്റെ ഇടപെടൽ എന്നിവ സൂചിപ്പിച്ചിട്ടുണ്ട്.
11. വിവിധ തലങ്ങളിൽ നടന്ന പ്രവർത്തനങ്ങളുടെ സൂചനയുണ്ട്.
12. കരട് പദ്ധതി രൂപീകരണത്തിന്റെ സൂചന, പൊതു വേദികളിൽ അത് ചർച്ച ചെയ്ത് മെച്ചപ്പെടുത്തൽ, എന്നിവയുടെ സൂചനകളുണ്ട്.

**അധ്യായം അഞ്ച്- നിലവിലെ അവസ്ഥാ വിശകലനം**

13. കുട്ടികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥാ പഠനം നടത്തിയതിന്റെ സൂചനകൾ വെച്ച് നിലവിലെ അവസ്ഥ വിശദീകരിച്ചിട്ടുണ്ട്.
14. അധ്യാപകരുടെ എണ്ണം കൈകാര്യം ചെയ്യുന്ന വിഷയം പ്രത്യേക ചുമതലകൾ വിശദീകരിച്ചിട്ടുണ്ട്.
15. വിദ്യാലയത്തിലെ അക്കാദമികമായ ഓരോ ഘടകങ്ങളുടേയും ഇപ്പോഴത്തെ അവസ്ഥ സൂചിപ്പിച്ചുണ്ട്. (പഠന വിഭവങ്ങൾ,ലൈബ്രറി ലാബ് ,സബ്ജക്ട് കൌൺസിൽ,എസ്.ആർ.ജി Etc.........Etc........_)

**അധ്യായം -ആറ് പ്രശ്നങ്ങൾ വെല്ലുവിളികൾ**

16. അക്കാദമിക മികവിന് തടസ്സമായ മുഴുവൻ ഘടകങ്ങളിലേയും ഇപ്പോഴത്തെ കുറവുകൾ വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്.
17.

**അധ്യായം -ഏഴ് വിഷയമേഖല -പ്രവർത്തനങ്ങൾ**

18. അധ്യായം ആറിൽ കണ്ടെത്തിയ ഓരോ വിഷയങ്ങളിലും ഉള്ള കുറവുകളെ മറികടക്കാനുള്ള പ്രവർത്തന പദ്ധതികൾ എഴുതിത്തയ്യാറാക്കിയിട്ടുണ്ട്. (പദ്ധതിയുടെ പേര്, പ്രവർത്തനങ്ങളുടെ ലഘുവിവരണം, കാലം, ചുമതല, നടപ്പാക്കുന്ന ഏജൻസി, സൂചനകൾ ഉൾപ്പെടെ )
19. സങ്കലിത വിദ്യാഭ്യാസത്തിന്റെ മേഖലയിൽ പ്രവർത്തനങ്ങൾ ഉണ്ട്.
20. ജലസംസ്കാരം, കലാപാരമ്പര്യം, പാരിസ്ഥിതികാവബോധം, പെൺകുട്ടികളുടെ പദവി, രക്ഷാകർതൃ വിദ്യാഭ്യാസം ,അധ്യാപക ശാക്തീകരണം എന്നിങ്ങനെ എല്ലാ മേഖലക്കു വേണ്ടിയും പ്രവർത്തനങ്ങളുണ്ട്.

**ബഡ്ജറ്റ്**

21. ഓരോ പ്രവർത്തനത്തിനും വേണ്ട തുകയും കണ്ടെത്താനുള്ള ഉറവിടവും സൂചിപ്പിച്ച അധ്യായം ഉണ്ട്

**മോണിറ്ററിങ്ങ്**

22. ഓരോ ഘട്ടവും എങ്ങനെ ആര് ഏത് സമയത്ത് മോണിറ്റർ ചെയ്യും എന്ന സൂചനകൾ ഉണ്ട്
23. ഉപസംഹാരവും അനുബന്ധമായി ശിൽപ്പശാലകളിൽ പങ്കെടുത്തവരുടെ വിശദാംശങ്ങളും ഉണ്ട്.